# മാർഗ്ഗരേഖ

1. വായ്പയ്ക്ക് ആവശ്യമായ അപേക്ഷ ഫോറം നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് (**www.norkroots.org)/** KSBCDC യുടെ വെബ്സൈറ്റ് **www.ksbcdc.com** ൽ നിന്നും ഡൗൺലോഡ് ചെയ്ത് അപേക്ഷാഫാറത്തോടൊപ്പം കുറഞ്ഞത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തുവെന്ന് തെളിയിക്കുന്നതിനാവശ്യമായ പാസ്പോർട്ട് രേഖയും (പാസ്പോർട്ട് ഫോട്ടോ പതിപ്പിച്ച പേജ്, അഡ്രസ് പേജ്, വി ദേശത്തേയ്ക്ക് പുറപ്പെട്ട തീയതി, വർഷം സൂചിപ്പിക്കുന്ന പേജ്, വിദേ ശത്ത് നിന്ന് നാട്ടിൽ സ്ഥിരമായി മടങ്ങി വന്നത് തെളിയിക്കുന്ന സീൽ ചെയ്ത പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ) സഹിതം **KSBCDC** യുടെ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

2. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വായ്പാ മാനദണ്ഡങ്ങൾക്ക് അനുസൃത മായി രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം, രേഖകളുടെ പകർപ്പുകൾ സഹിതം (പാസ്പോർട്ടിന്റെയും, വിസയുടെയും വിവരങ്ങൾ ലഭ്യമായ KYC രേഖകൾക്കൊപ്പം റേഷൻ കാർഡിന്റെ പകർപ്പും) ശാഖാ മാനേജർ നോർക്ക റൂട്ട്സിലേയ്ക്ക് ഇ-മെയിൽ വഴി അയയ്ക്കേണ്ടതാണ്. (loannorka.ksbcdc@gmail.com)

3. വായ്പ അപേക്ഷ സമർപ്പിക്കുന്ന വേളയിൽ സാധുവായ തൊഴിൽ വിസ ഉൾപ്പടെയുള്ള മറ്റു വിസകൾ ഉണ്ടാകാൻ പാടുള്ളതല്ല.

4. ലഭ്യമായ അപേക്ഷകൾ പ്രാഥമിക പരിശോധനകൾക്ക് ശേഷം രണ്ടു പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ നോർക്ക റൂട്ട്സിൽ സമർപ്പിക്കുകയും ടി അപേക്ഷകൾ തുടർന്നുള്ള രണ്ട് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ KSBCDC യ്ക്ക് നോർക്ക റൂട്ട്സിന്റെ ശുപാർശ സഹിതം തിരികെ നൽകുന്നതുമാണ്.

NORKA ROOTS
A Government of Kerala Undertaking

**അപേക്ഷ ഫാറം**

**നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM)**

**ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ**

| | |
|---|---|
| 1. രജിസ്ട്രേഷൻ നം | |
| 2. അപേക്ഷകന്റെ പേരും,മേൽവിലാസവും | |
| 3. പാസ്പോർട്ട് നമ്പർ | |
| 4. ടെലിഫോൺ നമ്പർ | |
| 5. ആധാർകാർഡ് നമ്പർ | |
| 6. പാൻകാർഡ് നമ്പർ | |
| 7. തുടങ്ങുവാനുള്ള പദ്ധതി | |
| 8. പദ്ധതിക്കാവശ്യമായ തുക | |
| 9. ബാങ്ക്/ബ്രാഞ്ച് ന്റെ വിശദവിവരം | |

**പ്രസ്താവന**

- നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയുടെ വ്യവസ്ഥകൾ ഞാൻ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്
- പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ച വായ്പ കൃത്യമായി അടച്ചാൽ മാത്രമേ പദ്ധതിപ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു എന്നും അല്ലാത്തപക്ഷം അനുവദിച്ച വായ്പ തുകയും പലിശയും ബാങ്കിൽ തിരിച്ചടക്കേണ്ടി വരുമെന്നും ഞാൻ മനസ്സിലാക്കുന്നു.
- എനിക്ക് വായ്പ അനുവദിച്ച ശേഷം ഞാൻ നൽകിയിരിക്കുന്ന അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്തെങ്കിലും ബാങ്കിനോ നോർക്ക റൂട്സിനോ വാസ്തവവിരുദ്ധമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വായ്പ റദ്ദാക്കുന്നതും, അനുവദിച്ച തുകയും പലിശയും തിരിച്ചടക്കേണ്ടി വരുമെന്നും കൂടാതെ ഇപ്രകാരം വ്യാജമായി അപേക്ഷ സമർപ്പിച്ചതിന് നിയമ നടപടികൾ നേരിടേണ്ടതായി വരുമെന്നും മനസ്സിലാക്കുന്നു.
- വായ്പ അനുവദിക്കുന്നത് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

സ്ഥലം
തീയതി

അപേക്ഷകന്റെ ഒപ്പ്

---

**ഓഫീസ് ആവശ്യത്തിന്**

............................................................-അപേക്ഷ വായ്പ അനുവദിക്കുന്നതിന് പരിഗണിക്കാവുന്നതാണ്/പരിഗണിക്കേണ്ടതില്ല.

നോർക്ക റൂട്സ് പ്രതിനിധി

## അപേക്ഷാഫാറത്തോടൊപ്പം ലഭ്യമാക്കേണ്ട രേഖകൾ

കുറഞ്ഞത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തുവെന്ന് തെളിയിക്കുന്നതിനാവശ്യമായ പാസ്പോർട്ട് രേഖയും (ഫോട്ടോ പതിപ്പിച്ച പേജ്, അഡ്രസ് പേജ്, വിദേശത്തേയ്ക്ക് പുറപ്പെട്ട തീയതി, വർഷം എന്നിവ സൂചിപ്പിക്കുന്ന പേജ്, വിദേശത്ത് നിന്ന് നാട്ടിൽ സ്ഥിരമായി മടങ്ങി വന്നതായി തെളിയിക്കുന്ന (Exit) സീൽ ചെയ്ത പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)ലഭ്യമായ KYC രേഖകൾക്കൊപ്പം റേഷൻകാർഡിന്റെ പകർപ്പും ലഭ്യമാക്കേണ്ടതാണ്.